ICPS4(B)/7017/16

ഐ.സി.പി.എസ്
സാമൂഹ്യ നീതി വകുപ്പ്
പൂജപ്പുര
തിരുവനന്തപുരം
തീയതി:16/03/2016

# സർക്കുലർ

വിഷയം: - സാമൂഹ്യ നീതി വകുപ്പ് -ICPS- ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ പെൻഷൻ കോൺട്രിബ്യൂഷൻ അടക്കുന്നത് സംബന്ധിച്ച്.

പരാമർശം:- 1.GO(P)NO.576/2012/Fin തീയതി 16/10/2012.

2.ഈ കാര്യാലയത്തിലെ ഉത്തരവ് നമ്പർ ICPS4/9444/15 തീയതി 08/06/2015.

ഐ.സി.പി.എസ്-ന്റെ നടത്തിപ്പിനായി സംസ്ഥാന വിഹിതത്തോടൊപ്പം കേന്ദ്ര വിഹിതവും ലഭിക്കുന്ന സാഹചര്യത്തിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്ക് മേൽ സൂചന (1) പ്രകാരമുള്ള ഉത്തരവ് ബാധകമല്ല എന്ന് അറിയിക്കുന്നു. ആയതിനാൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ജില്ലാ ഘടകമായ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരായി നിയമിതരായിരിക്കുന്ന ജീവനക്കാർ ബന്ധപ്പെട്ട ഫോറിൻ സർവീസ് അക്കൗണ്ടിലേക്ക് ചട്ടപ്രകാരമുള്ള പെൻഷൻ കോൺട്രിബ്യൂഷൻ അടക്കേണ്ടതാണ്. ഇതിലേക്ക് ആവശ്യമുള്ള തുക മേൽ സൂചന (2) പ്രകാരം എസ്.സി.പി.എസ്-ൽ നിന്നും ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരുടെ വേതന ഇനത്തിൽ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും വിനിയോഗിക്കാവുന്നതും, അധിക തുക ആവശ്യമുള്ളവർ എസ്.സി.പി.എസ്-ലേക്ക് തുക ആവശ്യപ്പെട്ടുകൊണ്ട് അടിയന്തിരമായി പ്രൊപ്പോസൽ സമർപ്പിക്കേണ്ടതുമാണ്.

(ഒപ്പ്)

സാമൂഹ്യ നീതി ഡയറക്ടർക്ക് വേണ്ടി

എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും